മെയ് 1, 2009

Peel ഡിസ്ട്രിക് സ്കൂൾ ബോർഡിലെ പ്രിയപ്പെട്ടവരെ,

H1N1 പനി വൈറസ് (മനുഷ്യരിൽ പന്നിപ്പനി)ബാധയെക്കുറിച്ച് Peel ഡിസ്ട്രിക് സ്കൂൾ ശ്രദ്ധാപൂർവം നിരീക്ഷിച്ചു വരുന്ന കാര്യം നിങ്ങളെ അറിയിക്കട്ടെ. എന്നാൽ ഭയപ്പെടേണ്ട സാഹചര്യങ്ങളൊന്നും ഇപ്പോഴില്ല. Peel സ്കൂൾ സാധാരണ പോലെ പ്രവർത്തിച്ചു വരുന്നു.

രാജ്യാന്തര തലത്തിൽ പനി പൊട്ടിപ്പുറപ്പെട്ടതിനെക്കുറിച്ചുള്ള കാര്യങ്ങളിൽ Peel ബോർഡ് Peel പബ്ളിക് ഹെൽത്തുമായി നിരന്തര സമ്പർക്കത്തിലാണ്. **ഇപ്പോഴത്തെ സാഹചര്യത്തിൽ സ്കൂളോ ബോർഡോ പ്രത്യേക മുൻകരുതലോ നടപടികളോ സ്വീകരിക്കേണ്ട കാര്യമില്ലെന്നും Peel ഹെൽത്ത് അറിയിച്ചിട്ടുണ്ട്.** എന്തെങ്കിലും അടിയന്തര സാഹചര്യമുണ്ടാകുന്ന ഘട്ടത്തിൽ അവർ നൽകുന്ന മാർഗനിർദേശങ്ങൾ അനുസരിച്ചു പ്രവർത്തിക്കാൻ വൈദ്യ സംഘവും സ്കൂളും സജ്ജമാണ്.

ആരോഗ്യ സംരക്ഷണത്തിന് കൈക്കൊള്ളേണ്ട കാര്യങ്ങളെക്കുറിച്ച് അന്തേവാസികൾക്ക് Peel പബ്ളിക് ഹെൽത്ത് നൽകിയിരിക്കുന്ന ഉപദേശങ്ങൾ ഇവയാണ്:

- തുമ്മുകയോ മൂക്കു ചീറ്റുകയോ ചെയ്യുമ്പോൾ മൂക്കും വായും ടിഷ്യൂ പേപ്പർ ഉപയോഗിച്ച് അടച്ചു പിടിക്കുക. ഉപയോഗിച്ച ശേഷം ടിഷ്യൂ നശിപ്പിക്കുക.
- കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് ഇടക്കിടെ കഴുകുക, തുമ്മുകയോ മൂക്കു ചീറ്റുകയോ ചെയ്ത ശേഷം പ്രത്യേകിച്ച്. കൈകൾ കഴുകാൻ ആൽക്കഹോൾ ചേർന്ന അണുനാശിനികൾ ഉപയോഗിക്കുന്നതും നല്ലതാണ്.
- കണ്ണിലും മൂക്കിലും വായിലും കൈകൾ കൊണ്ട് സ്പർശിക്കുന്നത് ഒഴിവാക്കുക. ഈ വഴി അണുക്കൾ പടർന്നേക്കാം.
- രോഗമുള്ളവരുമായി അടുത്തിടപഴകുന്നത് ഒഴിവാക്കുക.
- നിങ്ങൾ രോഗിയാണെങ്കിൽ സ്കൂളിലും ജോലിക്കു പോകുന്നതും ഒഴിവാക്കി വീട്ടിൽ തന്നെ കഴിയുക. ഇതുവഴി മറ്റുള്ളവർക്ക് രോഗം പടരുന്നത് ഒഴിവാക്കാം. രോഗലക്ഷണം കാണുന്നുണ്ടെങ്കിൽ ഉടൻ തന്നെ ഡോക്ടറെ കാണുക.

കുട്ടികൾ തങ്ങളുടെ കൈകൾ നന്നായി കഴുകുന്നുണ്ടോയെന്ന് Peel ബോർഡ് സ്കൂൾ പരിശോധിക്കുന്നുണ്ട്. കൈകൾ കഴുകുന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ **www.peelschools.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഒൺടാറിയോയിൽ പകർച്ചവ്യാധിയുണ്ടെന്നു പ്രഖ്യാപിച്ചാൽ അതിനെ നേരിടാൻ Peel ബോർഡ് തയാറാക്കിയിട്ടുള്ള സമഗ്ര പദ്ധതി ഉടൻ തന്നെ നടപ്പിൽ വരും. ഈ വിവരങ്ങൾ **www.peelschools.org** എന്ന ഞങ്ങളുടെ വെബ്സൈറ്റിൽ നിന്ന് 25 ഭാഷകളിൽ ലഭ്യമാണ്.

പനിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ Peel പബ്ളിക് ഹെൽത്ത് വെബ്സൈറ്റായ **www.peelregion.ca** ൽ ലഭ്യമാണ്. മിസിസൗഗയിലും ബ്രാംപ്ടണിലുമുള്ളവർക്ക് 905–799–7700 എന്ന നമ്പരിലും കാലഡോണിൽ ഉള്ളവർക്ക് 905–584–2216 എന്ന നമ്പരിലും തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 8 മുതൽ വൈകിട്ട് 5 വരെ വിവരങ്ങൾ ലഭ്യമാണ്. നിങ്ങളുടെ ഡോക്ടറോടോ 1–866–797–0000 എന്ന ടെലി ഹെൽത്ത് നമ്പറിലോ വിളിച്ചും വിവരങ്ങൾ അറിയാവുന്നതാണ്.

കൂടുതൽ വിവരങ്ങൾ അറിയാൻ **www.peelschools.org** എന്ന ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക.





Jim Grieve
**വിദ്യാഭ്യാസ ഡയറക്ടർ**

Janet McDougald
**ബോർഡ് ചെയർമാൻ**